# സീറോമലബാർ സഭയുടെ കുർബാന

## ഒരാമുഖപഠനം

തൃശൂർ അതിരൂപതാമതബോധന കേന്ദ്രം

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# സീറോമലബാർ സഭയുടെ കുർബാന

## ആമുഖം

രക്ഷാകരമായ മിശിഹാസംഭവത്തിന്റെ അനുസ്മരണവും ആചരണവും ആഘോഷവുമാണ് വി.കുർബാന. മിശിഹാസംഭവത്തിൽത്തന്നെ പീഡാനുഭവവും മരണവും ഉത്ഥാനവും ഉൾക്കൊള്ളുന്ന പെസഹാ രഹസ്യത്തിന് വി. കുർബാനയിൽ ഊന്നൽ നൽകിയിരിക്കുന്നു. അന്ത്യ അത്താഴത്തിലും ഗാഗുൽത്താമലയിലെ കുരിശിലും ഈശോ ചെയ്ത ആത്മസമർപ്പണത്തെ കേന്ദ്രീകരിച്ചാണ് വി. കുർബാന ആചരിക്കപ്പെടുന്നത്.

## അപ്പം മുറിക്കൽ ശുശ്രൂഷ

ശ്ലൈഹികപ്രബോധനത്തിന്റെ കാതൽ പെസഹാരഹസ്യമായിരുന്നു. വിവിധ സ്ഥലങ്ങളിൽ ഈ പ്രബോധനം പ്രസംഗിക്കപ്പെട്ടു. വിശ്വസിച്ചവർ ഒരു സമൂഹമായി മാറി. അവർ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താൽപ്പര്യപൂർവ്വം പങ്കുചേർന്നു (നടപടി 2:42). കാലക്രമത്തിൽ അപ്പം മുറിക്കൽ ശുശ്രൂഷ പുതിയ അർത്ഥവും മാനവും സ്വീകരിച്ചു.

## ആരാധനാക്രമങ്ങൾ

ശ്ലൈഹിക കാലഘട്ടത്തിലെ സഭ അംഗസംഖ്യ കൊണ്ട് ചെറുതും ഘടനയിൽ ലളിതവുമായിരുന്നു. ഈശോമിശിഹായുടെ സഹവാസം വഴി മിശിഹാനുഭവത്താൽ സമ്പന്നരും (1 യോഹ. 1:1) പരിശുദ്ധാത്മാവിന്റെ ആവാസത്താൽ പൂരിതരുമായിരുന്നു ശ്ലീഹന്മാർ. അവർ നേരിട്ട് നയിച്ചിരുന്ന സഭാസമൂഹങ്ങളിൽ ഇന്നു കാണുന്നതുപോലെ നിജരൂപത്തിലുള്ള, എഴുതപ്പെട്ട, ആരാധനക്രമ ശുശ്രൂഷകൾ ഇല്ലായിരുന്നു.

ആദ്യത്തെ ഒരു നൂറ്റാണ്ടുകാലം ഇന്നു കാണുന്ന പുതിയ നിയമഗ്രന്ഥവും ഇല്ലായിരുന്നു. ഒന്നാം നൂറ്റാണ്ടിന്റെ അവസാനത്തോടു കൂടി പുതിയ നിയമം രൂപപ്പെട്ടു. അതിനുശേഷം രണ്ടു നൂറ്റാണ്ടുകൾകൊണ്ടാണ് ആരാധനക്രമം ലിഖിതവും നിജരൂപത്തിലുള്ളതുമാകുവാൻ തുടങ്ങിയത്.

അതുവരെ പൊതുവായ ആശയൈക്യം ഉണ്ടായിരുന്നെങ്കിലും ക്രമത്തിലും ബാഹ്യരൂപത്തിലും സഭയിലെ ശുശ്രൂഷകൾ വ്യത്യാസപ്പെട്ടിരുന്നു. ഏകദേശം നാലാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി വികസിതമായ ആരാധന ക്രമശുശ്രൂഷകൾ സഭയിൽ രൂപപ്പെട്ടു.



www.TheCMSIndia.org

# ആരാധനക്രമകുടുംബങ്ങൾ

വിവിധസ്ഥലങ്ങളിൽ, വിവിധ വ്യക്തികൾ പരികർമ്മം ചെയ്യുന്ന ശുശ്രൂഷകൾക്ക് പൊതുവായ ഒരു ക്രമം സഭയുടെ വളർച്ചയിൽ ആവശ്യമായി വന്നു. അന്നുവരെ നിലനിന്നിരുന്ന അലിഖിതമായ ആരാധനക്രമ പാരമ്പര്യങ്ങൾ സഭാധികാരികൾ ക്രോഡീകരിച്ച് ക്രമപ്പെടുത്തി. സഭാസമൂഹം ഔദ്യോഗികമായി ആരാധിക്കുവാൻ ഒന്നിച്ചുകൂടുമ്പോൾ ഈ അംഗീകൃത കർമ്മക്രമങ്ങൾ മാത്രമേ ഉപയോഗിക്കാവൂ എന്ന് നിയമം മൂലം നിഷ്കർഷിക്കുകയും ചെയ്തു. ഇങ്ങനെയാണ് ആരാധനക്രമങ്ങൾ സഭയിൽ രൂപം കൊള്ളുവാൻ ഇടയായത്.

വ്യത്യാസങ്ങളുടെ അടിസ്ഥാനത്തിൽ താഴെ കൊടുത്തിരിക്കുന്ന അഞ്ചു കുടുംബങ്ങളായി ആരാധനക്രമ ശുശ്രൂഷകൾ നാലാം നൂറ്റാണ്ടോടുകൂടി സ്ഥിരരൂപം പ്രാപിച്ചു.

1. റോമൻ
2. അന്ത്യോക്യൻ
3. അലക്സാണ്ഡ്രിയൻ
4. ബൈസന്റയിൻ
5. കൽദായ

ഈ അഞ്ചു കുടുംബങ്ങളുടെ അടിസ്ഥാനസ്വഭാവങ്ങൾ ഉൾക്കൊണ്ടു കൊണ്ട് ഇരുപത്തിരണ്ട് ഉപവിഭാഗങ്ങളുണ്ട്. ഈ ഉപവിഭാഗങ്ങൾക്ക് അവരവരുടേതായ വിവിധ കുർബാനക്രമങ്ങളുമുണ്ട്. ഈ വൈവിധ്യം തിരുസഭയുടെ അലിഖിതമായ വിശുദ്ധപാരമ്പര്യങ്ങളുടെ ഭാഗമാണ്. കൂടാതെ, ഇവ തിരുസഭയുടെ ആദ്ധ്യാത്മികവും ദൈവശാസ്ത്രപരവുമായ സമ്പത്തിനെ വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

മുകളിൽ കൊടുത്തിരിക്കുന്ന അഞ്ച് കുടുംബങ്ങളിൽ കൽദായ അഥവാ പൗരസ്ത്യസുറിയാനി ആരാധനക്രമമാണ് അഞ്ചാം നൂറ്റാണ്ട് മുതൽക്കെങ്കിലും ഭാരതസഭ ഉപയോഗിച്ചിരുന്നത്. അടിസ്ഥാനപരമായി ഇതേക്രമം ഉപയോഗിക്കുന്ന സഭകളാണ്: കൽദായ കത്തോലിക്കാസഭ, അസ്സീറിയൻ സഭ, സീറോ മലബാർ സഭ.

# പൗരസ്ത്യ സുറിയാനി അനാഫൊറാകൾ

പൗരസ്ത്യ സുറിയാനി ആരാധനക്രമത്തിൽ കുർബാനക്ക് മൂന്ന് അനാഫൊറാകൾ (സമർപ്പണ പ്രാർത്ഥനകൾ) ഉണ്ട്. അവ താഴെ പറയുന്നവയാണ്:

1. മാർ അദ്ദായി & മാർ മാറി
2. മാർ തെയദോർ
3. മാർ നെസ്തോറിയസ്

ഇതിൽ മാർ അദ്ദായി, മാർ മാറി എന്നിവരുടെ അനാഫൊറയാണ് സീറോ മലബാർ സഭയിൽ ഇപ്പോൾ ഉപയോഗത്തിലുള്ളത്.

മാർ അദ്ദായി, മാർ മാറി എന്നിവർ കിഴക്കിന്റെ പ്രബോധകരായാണ് അറിയപ്പെടുന്നത്. ഇവർ ഈശോമിശിഹായുടെ 72 ശിഷ്യരിൽ ഉൾപ്പെടുന്നവരാണെന്നും, തോമാശ്ലീഹായുടെ ശിഷ്യരാണെന്നും കരുതുന്നവരുണ്ട്. ആഗോളസഭയുടെ ആരാധനക്രമങ്ങളിൽ ഏറ്റവും പഴക്കമുള്ളതായി അറിയപ്പെടുന്ന ഈ അനാഫൊറ ഒന്നാം അനാഫൊറാ എന്നും ശ്ലീഹന്മാരുടെ അനാഫൊറ എന്നും വിളിക്കപ്പെടുന്നുണ്ട്.

നൂറ്റാണ്ടുകൾ പഴക്കമുള്ള ഈ അനാഫൊറായുടെ കർമ്മക്രമം നമുക്ക് ലഭിക്കുന്നത് ഇവയുടെ കൈയ്യെഴുത്ത് പ്രതികളിലൂടെയും അച്ചടിച്ച തക്സകളിലൂടെയുമാണ്. കൂടാതെ വ്യഖ്യാതാക്കളുടെ ഭാഷ്യങ്ങളിൽ നിന്നും നമുക്ക് കുർബാനയുടെ അതാതു കാലഘട്ടത്തിലെ ഘടന, കർമ്മക്രമം, ദൈവശാസ്ത്രം എന്നിവ മനസ്സിലാക്കുവാൻ സാധിക്കും. നമ്മുടെ കുർബാനയുടെ പ്രധാന വ്യാഖ്യാതാക്കളാണ് താഴെ പേര് പറയുന്നവർ :

1. മാർ നർസൈ
2. മാർ ഗബ്രിയേൽ ഖത്രായ
3. മാർ ജോർജ്ജ് അർബേൽ
4. മാർ യോഹന്നാൻ ബർസോബി

## സീറോമലബാർ സഭയുടെ കുർബാന ക്രമം

1985 നവംബർ 8-ാം തീയതി സീറോമലബാർ മെത്രാൻ സംഘവും 1985 ഡിസംബർ 19-ാം തീയതി പൗരസ്ത്യതിരുസംഘവും പുനരുദ്ധരിക്കപ്പെട്ട പുതിയ കുർബാനക്ക് ഔദ്യോഗികമായ അംഗീകാരം നൽകി.

**വിവിധ പേരുകൾ:**

1. കുർബാന = സമർപ്പണം, കാഴ്ച
2. റാസ = രഹസ്യം
3. തക്സാദ്കുദ്ശ = വിശുദ്ധീകരണക്രമം, പ്രതിഷ്ഠാക്രമം.

**വിവിധ അർപ്പണരീതികൾ:**

1. റാസ കുർബാന (ഏറ്റവും ആഘോഷമായ ക്രമം)
2. ആഘോഷമായ കുർബാന
3. സാധാരണ കുർബാന



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

വിവിധ ഭാഗങ്ങൾ:

ഒരു കൂദാശ എന്ന നിലയിലും രക്ഷാകരമായ മിശിഹാസംഭവത്തിന്റെ പ്രതീകാത്മകമായ ആചരണവും, ആഘോഷവും അനുസ്മരണവും എന്ന നിലയിലും ഈ ശുശ്രൂഷയെ ഒരൊറ്റ യാഥാർത്ഥ്യമായി കാണുന്നതാണ് ശരി. പഠനത്തിന്റെ എളുപ്പത്തിനായി കുർബാനക്രമത്തെ വിവിധ ഭാഗങ്ങളായി തിരിച്ചിരിക്കുന്നു:

1. ആമുഖ ശുശ്രൂഷ
2. വചന ശുശ്രൂഷ
3. ഒരുക്ക ശുശ്രൂഷ
4. സമർപ്പണ ശുശ്രൂഷ
5. അനുരഞ്ജന ശുശ്രൂഷ
6. വിഭജന ശുശ്രൂഷ
7. ദൈവൈക്യ ശുശ്രൂഷ
8. സമാപന ശുശ്രൂഷ

തുടർന്ന് വരുന്ന പേജുകളിൽ കുർബാനയുടെ ഈ ഓരോ ഭാഗവും ചുരുക്കമായി വിവരിച്ചിരിക്കുന്നു.

## 1. ആമുഖശുശ്രൂഷ

കർത്താവിന്റെ ജനനത്തെയും അതിന്റെ പഴയനിയമ പശ്ചാത്തലമായ കാത്തിരിപ്പിന്റെയും കാലഘട്ടത്തെ അനുസ്മരിപ്പിക്കുന്നതാണ് ആമുഖ ശുശ്രൂഷ. അവിടുത്തെ ഉത്ഥാനത്താൽ നൽകപ്പെട്ട സ്വർഗ്ഗസൗഭാഗ്യം അൾത്താരയിൽ കണ്ട് അനുഭവിക്കുകയും, വരാനിരിക്കുന്ന സൗഭാഗ്യങ്ങൾക്കൊണ്ട് മുടിചൂടി നിൽക്കുന്ന സ്വർഗ്ഗീയ സഭയിൽ അവിടുത്തെ എതിരേൽക്കാനുള്ള അനുഗ്രഹത്തിനായി അപേക്ഷിക്കുകയും ചെയ്തുകൊണ്ടാണ് ആമുഖശുശ്രൂഷ അവസാനിക്കുക.

## മിശിഹായുടെ കല്പന

(പുഖ്ദാനകോൻ, പുഖ്ദാനെ ദമ്ശിഹ്ാ)

പുഖ്ദാനകോൻ = നമുക്ക് ലഭിച്ചിരിക്കുന്ന കല്പന

പുഖ്ദാനെ ദമ്ശിഹാ = മിശിഹായുടെ കല്പന

ഇങ്ങനെ പ്രഘോഷിച്ചു കൊണ്ടാണ് സീറോമലബാർ സഭയുടെ കുർബ്ബാന ആരംഭിക്കുന്നത്. നമ്മുടെ സഭയിലെ വിശുദ്ധ കുർബാനയിൽ മാത്രം കാണുന്ന-പ്രത്യേകതയാണിത്.



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# 4. തിരുവസ്ത്രങ്ങൾ

തിരുവസ്ത്രങ്ങളിൽ പലതും അതാത് പ്രാദേശിക സംസ്കാരത്തിൽനിന്നും മറ്റു ചിലവ യഹൂദ സംസ്കാരത്തിൽനിന്നും സ്വീകരിക്കപ്പെട്ടവയാണ്. ഓരോ പ്രത്യേക സഭയ്ക്കും റീത്തിനും അതിന്റേതായ ദൈവശാസ്ത്രമനുസരിച്ച് തിരുവസ്ത്രങ്ങൾക്ക് പ്രത്യേക അർത്ഥമുണ്ട്.

**കൊത്തീന** : നവീകരിക്കപ്പെട്ട പുതിയ മനുഷ്യന്റെ പ്രതീകമായിട്ടാണ് ദൈവാലയ ശുശ്രൂഷകർ കൊത്തീന ധരിക്കുന്നത്. ഈശോ ധരിച്ചിരുന്ന നീണ്ട കുപ്പായത്തിന് കൊത്തീന എന്നാണ് സുറിയാനിയിൽ പറയുന്നത്.

ചില പണ്ഡിതന്മാരുടെ അഭിപ്രായത്തിൽ നവീകരിക്കപ്പെട്ട പുതിയ മനുഷ്യനെ ധരിക്കുന്ന വ്യക്തി ഈശോയെതന്നെയാണ് ധരിക്കുന്നത്. കാറോയപ്പട്ടം മുതൽ മുകളിലോട്ടുള്ളവരാണ് ഇത് ധരിക്കുന്നത്.

**സൂനാറ** : കൊത്തീനയ്ക്കു മീതെ ശുദ്ധതയുടെ അടയാളമായിട്ടാണ് സൂനാറ അഥവാ അരക്കെട്ട് ധരിക്കുന്നത്. കാറോയപ്പട്ടം മുതൽ മുകളിലോട്ട് പട്ടമുള്ള എല്ലാ ദേവാലയശുശ്രൂഷകരും ഇത് ധരിക്കുന്നു.

**ഊറാറ** : ശുശ്രൂഷാ പൗരോഹിത്യത്തിലുള്ള വ്യക്തിയുടെ പങ്കിനെ ഊറാറ സൂചിപ്പിക്കുന്നു. വിവിധ രീതികളിലാണെങ്കിലും എല്ലാ സഭകളിലും ശുശ്രൂഷാപൗരോഹിത്യത്തിലുള്ളവർ ഊറാറ ധരിക്കുന്നുണ്ട്.

**സന്ദേ** : കൊത്തീനായുടെ രണ്ട് കൈകൾ ഒതുക്കി ശുശ്രൂഷക്ക് സൗകര്യം ചെയ്യുന്നതിന് മെത്രാൻമാരും, പുരോഹിതന്മാരും ധരിക്കുന്ന കൈയുറയാണ് സന്ദേ.

**പൈന അഥവാ കാപ്പ** : സങ്കീർത്തനങ്ങളിൽനിന്നും വ്യക്തമാകുന്നതുപോലെ കർത്താവിന്റെ പുരോഹിതർ ധരിക്കേണ്ട നീതിയെയാണ് ഈ തിരുവസ്ത്രം സൂചിപ്പിക്കുന്നത്. ചരിത്രപരമായി ഇടയവസ്ത്രമാണ് കാപ്പ. പുരോഹിതന്റെ ഇടയധർമ്മത്തേയും ഇത് സൂചിപ്പിക്കുന്നു.

മനോഹരമായി അലങ്കരിക്കപ്പെട്ടിരിക്കുന്ന ഈ വസ്ത്രം ദൈവജനത്തിന്റെ ഭാവി മഹത്വത്തിന്റെ മുന്നാസ്വാദനമാണ്. തന്നെക്കാൾ വലിപ്പം കൂടിയ കാപ്പ താൻ ഭരമേറ്റിരിക്കുന്ന, തന്റെ കഴിവിനപ്പുറത്തുള്ള, ജോലിയെ സൂചിപ്പിക്കുന്നു എന്ന് സഭാപിതാവായ നർസൈ പറയുന്നു.

**ശോശപ്പാ** : കാഴ്ചവസ്തുക്കൾ മൂടുന്നതിനുപയോഗിക്കുന്ന വസ്ത്രമാണിത്. നമ്മുടെ കർത്താവിന്റെ തിരുക്കല്ലറയുടെ മൂടിയെ ഇതു സൂചിപ്പിക്കുന്നു. ഇതേ. വസ്ത്രംതന്നെയാണ് റാസാകുർബാനക്ക് സാഷ്ടാംഗപ്രണാമത്തിനുപയോഗിക്കുന്നത്.



www.TheCMSIndia.org
Scanned by CamScanner

**കെത്താന/ അൾത്താരവിരി** : കർത്താവിനെ പൊതിഞ്ഞ വെൺകച്ചയുടെ പ്രതീകമാണ് അൾത്താരവിരിയും അതിനേറ്റവും മുകളിലായി വിരിച്ചിരിക്കുന്ന ചെറിയ തൂവാലയും. ഈ ചെറിയ തുവാലയെ കെത്താന എന്നു പറയുന്നു.

**കബ്ലാന** : കാസമൂടുന്നതിനുപയോഗിക്കുന്ന ചട്ടയാണിത്.

**സങ്കീഞ്ഞ്** : തിരുപാത്രങ്ങൾ വൃത്തിയാക്കുന്നതിനുപയോഗിക്കുന്ന ചെറിയ വെളള തുണി. ഇതിന്റെ നടുവിൽ ചെറിയ ഒരു കുരിശ് തുന്നിപ്പി ടിപ്പിച്ചിരിക്കുന്നു.

**കൈതൂവാല** : കുർബാനസമയത്ത് കൈ കഴുകി തുടയ്ക്കുവാൻ പുരോഹിത നുപയോഗിക്കുന്ന ചെറിയ തുണിയാണിത്.

## 5. ശാരീരികനിലപാടുകൾ

ആത്മാവും മനസ്സും മാത്രം ദൈവത്തെ ആരാധിച്ചാൽ പോരാ, ശരീരവും ദൈവത്തെ ആരാധിക്കണം. കാരണം നമ്മുടെ ശരീരത്തെ ഒരു സജീവവും സ്വീകാര്യവുമായ ബലിയായി അർപ്പിക്കാൻ വിശുദ്ധ പൗലോസ് ശ്ലീഹാ നമ്മെ ഉദ്ബോധിപ്പിക്കുന്നുണ്ട്.

**ഇരിക്കുക** : വചനശ്രവണത്തിനും ധ്യാനത്തിനുമായി ആരാധനാസമൂഹം ഇരിക്കുന്നു.

**നിൽക്കുക** : ഉത്ഥാനം, ബഹുമാനം തുടങ്ങി പല അർത്ഥങ്ങളും നിൽക്കുന്നതിനു ണ്ട്. ഉണർവ്വോടും ഉന്മേഷത്തോടും കൂടെ സ്വർഗ്ഗോന്മുഖമായി തീർത്ഥാടനം ചെയ്യുന്ന ആരാധനാസമൂഹം അനുതാപശുശ്രൂഷ ഒഴികെ ബാക്കി എല്ലാ അവസരങ്ങളിലും നിന്നുകൊണ്ട് ആരാധനയിൽ പങ്കെടുക്കുന്നു.

**മുട്ടുകുത്തുക** : ആത്മാർത്ഥമായ എളിമയിൽ നിന്ന് ഉളവാകുന്ന പാപബോധ ത്തിന്റെ ഫലമായ അനുതാപത്തിന്റെ അടയാളമാണ് മുട്ടുകുത്തൽ.

**സാഷ്ടാംഗപ്രണാമം** : സമ്പൂർണ്ണസമർപ്പണത്തിന്റെയും വിധേയത്വത്തിന്റെയും പ്രതീകമാണിത്. സന്ന്യാസസമൂഹങ്ങളിൽ ലോകത്തോട് മരിക്കുന്നതിന്റെ അടയാളമായി സാഷ്ടാംഗം പ്രണമിക്കുന്നു.

**ശിരസ്സ് നമിക്കുക** : കൃതജ്ഞത, വിധേയത്വം, ബഹുമാനം എന്നിവയെ സൂചിപ്പിച്ചുകൊണ്ടാണ് ആരാധനയ്ക്കിടയിൽ നാം ശിരസ്സു നമിക്കുന്നത്.

**കൈകൾ വിരിച്ചുപിടിക്കുക** : യാചനയുടെയും മാദ്ധ്യസ്ഥതയുടെയും പ്രതീകമായാണ് കൈകൾ വിരിച്ചുപിടിക്കുന്നത്.



www.TheCMSIndia.org

**കൂപ്പുകൈ :** ഐക്യത്തിന്റെയും ആദരവിന്റെയും ബഹുമാനത്തിന്റെയും ആരാധനയുടെയും വണക്കത്തിന്റെയും അടയാളമാണ് കൂപ്പുകൈ. നന്മ തിന്മ സമ്മിശ്രമായ ജീവിതത്തെ ദൈവസന്നിധിയിൽ സമർപ്പിക്കുന്നതിന്റെയും ആദരിക്കുന്ന വ്യക്തിയും ആദരിക്കപ്പെടുന്ന വ്യക്തിയും തമ്മിലുള്ള ഐക്യത്തേയും ഇത് സൂചിപ്പിക്കുന്നു.

**ചുംബിക്കുക :** അനുരഞ്ജനം, ആശംസ, ബഹുമാനം, സ്നേഹം, സൗഹൃദം, വിധേയത്വം എന്നിവയാണ് ചുംബനംകൊണ്ട് അർത്ഥമാക്കുന്നത്.



CHRISTIAN MUSICOLOGICAL SOCIETY OF INDIA

## ദിവ്യബലിയിലെ സജീവ ഭാഗഭാഗിത്വം

"വിശ്വാസത്തിന്റെ ഈ രഹസ്യത്തിൽ വിശ്വാസികൾ ഭാഗഭാക്കുകളാകുമ്പോൾ അവർ അപരിചിതരെപ്പോലെയോ നിശബ്ദരായ പ്രേക്ഷകരെപോലെയോ ആവരുതെന്നാണ് തിരുസ്സഭാമാതാവിന്റെ ആഗ്രഹം. മറിച്ച് തിരുകർമ്മങ്ങളുടെയും പ്രാർത്ഥനകളുടെയും അർത്ഥം ഗ്രഹിച്ച് തങ്ങൾ ചെയ്യുന്നതെന്താണെന്നുള്ള ബോധത്തോടും ഭക്തിയോടും സഹകരണത്തോടുംകൂടി വേണം അവർ ഇതിൽ പങ്കെടുക്കാൻ. അവർ ദൈവവചനത്താൽ പ്രബോധിതരും വിശുദ്ധ കുർബ്ബാന വഴി നവോന്മേഷവന്മാരും ആകണം. പുരോഹിതൻവഴിയും അദ്ദേഹത്തോടുകൂടെയും വിശുദ്ധ ബലിയർപ്പിക്കുന്നതോടൊപ്പം സ്വയം സമർപ്പിക്കാനും അവർ പഠിച്ചിരിക്കേണ്ടതാണ്. നമ്മുടെ മദ്ധ്യസ്ഥനായ ക്രിസ്തുവഴി അനുദിനം ദൈവത്തോടും തമ്മിൽ തമ്മിലും ഉപര്യുപരി ഐക്യം പ്രാപിക്കുകയും അങ്ങനെ ദൈവം എല്ലാറ്റിലും എല്ലാമാവുകയും വേണം"

(രണ്ടാം വത്തിക്കാൻ കൗൺസിൽ, ആരാധനക്രമം, നമ്പർ 48)

Nilayattingal Offset, Kuriachira - Ph : 0487- 251860

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

For further information
regarding this text
Please contact
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART
- RESOURCE FOR RESEARCHERS